# അധ്യാപക മാർച്ചും ധർണ്ണയും

## 2014 മാർച്ച് 7 രാവിലെ 10 മണി

- ഹയർസെക്കന്ററി പ്രമോഷനുകൾ അടിയന്തിരമായി നടത്തുക
- നിയമനാംഗീകാര നടപടികൾ ഉടൻ പൂർത്തിയാക്കുക

സുഹൃത്തേ,

കേരളത്തിലെ പൊതുവിദ്യാഭ്യാസരംഗത്ത് അതിശക്തമായ സാന്നിധ്യമാണ് ഹയർസെക്കന്ററി മേഖല. ഹയർസെക്കന്ററി മേഖലയുടെ വളർച്ചയ്ക്കുപിന്നിൽ ത്യാഗപൂർണ്ണമായ ഒട്ടനവധി സമരങ്ങളുടെ ചരിത്രമുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരുകളുടെ കാലത്താണ് ഹയർസെക്കന്ററി മേഖല ആരംഭിച്ചതും വളർന്നതും. ഈ മേഖലയെ തകർക്കാനാണ് യു.ഡി.എഫ് സർക്കാർ ശ്രമിക്കുന്നത്.

പ്രിൻസിപ്പാൾമാർക്ക് തസ്തികയും ശമ്പളസ്കെയിലും അനുവദിച്ചുനൽകിയത് എൽ.ഡി.എഫ് സർക്കാരിന്റെ കാലത്താണ്. 150 ലേറെ ഹയർസെക്കന്ററി സ്കൂളുകളിൽ ഇന്ന് പ്രിൻസിപ്പാൾമാരില്ല. ഇതുമൂലം അക്കാദമിക് മേഖലയിൽ വളരെയേറെ പ്രയാസങ്ങൾ അനുഭവിക്കുകയാണ്. പ്രിൻസിപ്പാൾ പ്രമോഷനുവേണ്ടി തയ്യാറാക്കിയ സീനിയോറിറ്റി ലിസ്റ്റിൽ ഒട്ടേറെ അപാകതകളുണ്ട്. അപാകതകൾ തിരുത്തി അർഹരായ അധ്യാപകരുടെ പ്രമോഷൻ നടപടികൾ പൂർത്തിയാക്കണം.

അഞ്ചുവർഷം സർവ്വീസ് പൂർത്തിയാക്കുന്ന മുറയ്ക്ക് ജൂനിയർ അധ്യാപകർക്ക് സീനിയർ അധ്യാപകരുടെ എല്ലാ ആനുകൂല്യവും നൽകണമെന്നത് കെ.എസ്.ടി.എ യുടെ തനതുമുദ്രാവാക്യമാണ്. ഏറെക്കാലമായി ഉന്നയിക്കുന്ന ഈ മുദ്രാവാക്യം സാധിതപ്രായമാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. എന്നുമാത്രമല്ല നിലവിലുള്ള ജൂനിയർ അധ്യാപകരുടെ പ്രമോഷൻ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള ഒരു സമീപനവും ഈ സർക്കാർ സ്വീകരിക്കുന്നില്ല. സാങ്കേതികമായ ചില കാരണങ്ങളാണ് തടസ്സമായി പറയുന്നത്. നിരവധി അധ്യാപകർ പ്രമോഷൻ ലഭിക്കാതെ റിട്ടയർ ചെയ്യേണ്ട അവസ്ഥയുണ്ട്. ജൂനിയർ അധ്യാപകരുടെ പ്രമോഷൻ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കണം.

ബൈട്രാൻസ്ഫർ പ്രമോഷൻ നടത്തുന്ന കാര്യത്തിലും സർക്കാരിന്റെ സമീപനം നിഷേധാത്മകമാണ്. നൂറുകണക്കിന് അധ്യാപകരാണ് പ്രമോഷൻ കാത്തുകഴിയുന്നത്. അടിയന്തിരമായി ബൈട്രാൻസ്ഫർ പ്രമോഷനും പൂർത്തിയാക്കണം.

നേരത്തേ അനുവദിക്കപ്പെട്ട വിദ്യാലയങ്ങളിലെ അധ്യാപകരുടെ നിയമനാംഗീകാര നടപടികൾ പൂർത്തിയാക്കാത്തതിനു പിന്നിൽ കുറ്റകരമായ അനാസ്ഥ മാത്രമാണുള്ളത്.അഡീഷണൽ ബാച്ചുകളിൽ നിയമിക്കപ്പെട്ട എല്ലാ അധ്യാപകർക്കും നിയമനാംഗീകാരം നൽകാതെ വിവിധപരിഗണനകൾ വെച്ച് ചിലർക്കുമാത്രം അംഗീകാരം നൽകുന്ന സ്ഥിതിയുണ്ട്. മലബാർ മേഖലയിൽ എൽ ഡി എഫ് ഗവൺമെന്റിന്റെ കാലത്ത് അനുവദിക്കപ്പെട്ട വിദ്യാലയങ്ങളിലെ അധ്യാപകരിൽ ചിലർക്കുമാത്രം അവധിക്കാല ശമ്പളം നിഷേധിക്കുന്നത് അംഗീകരിക്കാനാവില്ല.

മുമ്പു സൂചിപ്പിച്ച തരത്തിൽ നിരവധി സമരങ്ങളുടെ ഉല്പന്നമാണ് ഹയർസെക്കന്ററി മേഖല. കെ.എസ്.ടി.എ യുടെ നേതൃത്വത്തിൽ സമീപകാലത്ത് നടന്ന അനിശ്ചിതകാല സമരം, ആ സമരചരിത്രത്തിലെ തിളങ്ങുന്ന അധ്യായമാണ്. വിദ്യാഭ്യാസ മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗമാണ് ഒത്തുതീർപ്പുവ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് സമരം അവസാനിപ്പിക്കാൻ തീരുമാനിച്ചത്. ഹയർസെക്കന്ററി - വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടർമാരും പൊതുവിദ്യാഭ്യാസ സെക്രട്ടറിയും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. എന്നാൽ മറ്റെല്ലാ സമരങ്ങളോടും സർക്കാർ സ്വീകരിക്കുന്ന സമീപനമാണ് ഇക്കാര്യത്തിലും സ്വീകരിച്ചത്.

അടിയന്തിര സ്വഭാവമുള്ള ഈ പ്രശ്നങ്ങൾ ഉടൻ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 2014 മാർച്ച് 7 ന് തിരുവനന്തപുരത്ത് ഡയറക്ടറേറ്റിനു മുന്നിലേക്കും മറ്റു ജില്ലകളിൽ ആർ.ഡി.ഡി, ഡി.ഡി.ഇ ഓഫീസുകളിലേക്കും മാർച്ചും തുടർന്ന് ധർണയും നടത്താൻ തീരുമാനിച്ചിരിക്കുകയാണ്.

പ്രക്ഷോഭം വൻവിജയമാക്കണമെന്ന് മുഴുവൻ അധ്യാപകരോടും അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

**കെ. എൻ. സുകുമാരൻ**
പ്രസിഡന്റ്

**എ.കെ.ഉണ്ണികൃഷ്ണൻ**
ജനറൽ സെക്രട്ടറി

**കേരളാ സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ**